# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1075 01/03/2017-ൽ മറുപടിയ്ക്ക്

## ദേശീയ പാതയുടെ സമീപത്തെ മദ്യ വിൽപനശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് ദേശീയപാതയുടെ സമീപത്തെ മദ്യ വില്പനശാലകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) ആരംഭിച്ചിട്ടുണ്ട്. മാറ്റിസ്ഥാപിക്കേണ്ട ഔട്ട് ലറ്റുകൾക്കായി സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 500 മീറ്റർ ദൂരപരിധി പാലിക്കുന്നതും അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനായി കൂടുതൽ വില്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് ഇപ്പോൾ കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) ഇത്തരം മദ്യഷാപ്പുകൾ ജനസാന്ദ്രതയുള്ള പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുമ്പോൾ അത് വലിയ ക്രമസമാധന പ്രശ്നം സൃഷ്ടിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) വിലയിരുത്തിയിട്ടുണ്ട് |

| | | |
|---|---|---|
| (സി) | പൂട്ടിയ ബാറുകൾ തുറന്നാൽ ശക്തമായ പ്രക്ഷോഭം നേരിടേണ്ടിവരുമെന്ന ചില സംഘടനകളുടെ മുന്നറിയിപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | പൂട്ടിയ ബാറുകൾ തുറക്കുന്നത് സംബന്ധിച്ച് യാതൊരുവിധ തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനെ ജനം ചെറുത്ത് തോൽപ്പിക്കുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ 54 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ 20 എണ്ണം മാത്രമാണ് മാറ്റിസ്ഥാപിക്കാൻ സാധിച്ചത്. പ്രതിഷേധത്തെ തുടർന്ന് 9 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ താൽക്കാലികമായി അടച്ചുപൂട്ടേണ്ടിയും വന്നിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ